## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3585 — 23.06.2014 ൽ മറുപടിയ്ക്ക്

### അനധികൃത ക്വാറികളും ക്രഷറുകളും ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.രാജു എബ്രഹാം | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വ്യവസ്ഥകൾ പാലിക്കാതെ ക്വാറികളും ക്രഷറുകളും പ്രവർത്തിച്ചു വരുന്നതായി പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അനധികൃതമായി പ്രവർത്തിച്ചു വരുന്ന ക്വാറികളെ തടയുന്നതിന് പരിസ്ഥിതി വകുപ്പ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | (ബി) | സംസ്ഥാനത്ത് എല്ലാവിധ ഖനനപ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബ്ബന്ധമാക്കിക്കൊണ്ട് 21.02.2014 ന് ജി.ഒ.(എം.എസ്) നം.02/14/പരി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ അനധികൃത ക്വാറികളും അടച്ച് പൂട്ടാനും, അനധികൃതമായി ഖനനം നടത്തിയതിനുള്ള പിഴയീടാക്കാൻ വ്യവസ്ഥയുള്ള പക്ഷം അതും നിയമാനുസൃത ഫീസുകളും ഈടാക്കാനും എല്ലാ ജില്ലാ കളക്ടർമാർക്കും മൈനിംഗ് ആന്റ് ജിയോളജി, പഞ്ചായത്ത് വകുപ്പുകൾക്കും നിർദ്ദേശം നല്കിക്കൊണ്ട് 30.05.2014 ന് സർക്കാർ ഉത്തരവ് (കൈ) നം.07/14/പരി പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃത പാറഖനനത്തെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിരവധി ക്വാറികളും ക്രഷറുകളും നിയമ വിരുദ്ധമായി പ്രവർത്തിക്കുന്നതിനാൽ ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | അനധികൃത ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം മൂലം സർക്കാരിന് ഭീമമായ സാമ്പത്തിക നഷ്ടവും ലഘു ധാതുക്കളുടെ ശോഷണവും ഉണ്ടാകുന്നു. ഇതോടൊപ്പം അന്തരീക്ഷ-പരിസര മലിനീകരണത്തിനും പൊതുജനാരോഗ്യത്തിന് ഭീഷണിയും അപകടങ്ങൾക്കും കാരണമാകുന്നുണ്ട്. നിരവധി പേർക്ക് ജീവഹാനിയും സംഭവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ